പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 837

14.01.2021-ൽ മറുപടിയ്ക്ക്

## കോന്നി നിയോജകമണ്ഡലത്തിലെ സാംസ്കാരിക സമുച്ചയം

ചോദ്യം

ശ്രീ. കെ.യു. ജനീഷ് കുമാർ

ഉത്തരം

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | കോന്നി നിയോജകമണ്ഡലത്തിലെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | എ) & ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിൻ പ്രകാരം, പത്തനംത്തിട്ട ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി പത്തനംത്തിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഐരവൺ വില്ലേജിലെ ബ്ലോക്ക് നമ്പർ. 34-ൽ സർവ്വേ നമ്പർ. 120/5, 120/2, 146/1-ൽ ഉൾപ്പെട്ട കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8 ഏക്കർ ഭൂമിയിൽ നിന്നുള്ള 5 ഏക്കർ ഭൂമി പരിഗണിച്ച് വരുന്നു. ഭൂമിയുടെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് നൽകുന്നതിന് കൃഷി വകുപ്പിന്റെ സമ്മതം ലഭിച്ചശേഷം ഭൂമിയുടെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് നൽകി കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭിച്ചാലുടൻ സമുച്ചയ നിർമ്മിതിയ്ക്കായുള്ള തുടർ-നടപടികൾ ആരംഭിക്കാൻ കഴിയുന്നതാണ്. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ.ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | നടപടിക്രമങ്ങൾ വിശദീകരിക്കാമോ; ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ